വാലൻ ക.
അരയൻ ക.
ക്ഷുരകൻ ക.

ശുദ്ധജലവിതരണം

*ക ൫ ൭. (൨൦) ശ്രീ. അലക്സാണ്ടർ വാകയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുമ്പളങ്ങിയിലേക്ക് പൈപ്പ്ലൈൻ നീട്ടി ശുദ്ധജലവിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള വല്ല വിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ബി) അതിന്മേൽ എന്തു നടപടി എടുത്തു ;

(സി) ജനനിബിഡമായ ഈ ഗ്രാമത്തിലെ നിവാസികൾ ശുദ്ധജലത്തിന്റെ അഭാവം നിമിത്തം പല രോഗങ്ങളും പിടിച്ചു വലയുന്നു എന്നുള്ള സംഗതി ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള) :

(എ) ഉണ്ട്.

(ബി) അതിനെപ്പറ്റി അന്വേഷിച്ചു. എറണാകുളം-ചൊവ്വര വാട്ടർ വർക്സിൽ കൂടുതൽ വെള്ളം സംഭരിക്കാൻ സാധിച്ചതിനുശേഷം മാത്രമേ മറ്റു സ്ഥലങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടുവാൻ നിവൃത്തിയുള്ളൂ. അതുകൊണ്ട് കുമ്പളങ്ങിയിലേക്ക് ലൈൻ നീട്ടുന്ന കാര്യം തൽക്കാലത്തേക്ക് മാറ്റിവച്ചിരിക്കുകയാണ്.

(സി) മറ്റു തിരപ്രദേശങ്ങളിലെപോലെ കുമ്പളങ്ങിയിലും ശുദ്ധജലക്ഷാമമുണ്ടെന്ന് ഗവൺമെൻറിനറിയാം.

TRANSPORT DEPARTMENT

*158. (21) **Sri. Joseph Mathen :** Will the hon. Minister for Education, Food and Labour be pleased to state :—

(*a*) whether acting Inspectors in the Transport Department who were recruited as Operating staff were sent to ministerial section as clerks after 1st July 1951; if so, please state.—

(1) the salary they were entitled to draw immediately before their transfer to the ministerial section.

(2) the salary they are now entitled to draw as clerks.

(*b*) whether the Government have taken any action to rectify the reduction of pay, if any, due to this transfer?

Chief Minister **(Sri. C. Kesavan) :**

(*a*) Yes.

The amounts vary in the case of different individuals.

(*b*) The matter is engaging the attention of Government.

നേഴ്സുമാർ

*ക ൫൯ (൩൪) ശ്രീ. കെ. എ. മാത്യു : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക്ക് ഹെൽത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പബ്ലിക്ക്ഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ നേഴ്സായി നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചിരുന്നുവോ ;

(ബി) അപേക്ഷകൾ ലഭിച്ചുവോ ;

LIBRARY ARCHIVES Kerala Legislative Assembly